# കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ.സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ : 0471 - 2467700

**തൃശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ ,
എ.ഡി.ആർ .സെന്റർ, അയ്യന്തോൾ, തൃശൂർ
ഫോൺ : 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കൊല്ലം
ഫോൺ : 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പാലക്കാട്,
ഫോൺ : 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പത്തനംതിട്ട
ഫോൺ : 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, മഞ്ചേരി,
മലപ്പുറം, ഫോൺ : 04832 - 762220

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി, A.D.R. സെന്റർ
മലങ്കര ക്വാർട്ടേഴ്സിന് സമീപം
മുട്ടമ്പലം പി.ഓ, കോട്ടയം,
ഫോൺ : 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കോഴിക്കോട്,
ഫോൺ : 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, ആലപ്പുഴ
ഫോൺ : 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്
ഫോൺ : 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ ,ഇടുക്കി
ഫോൺ : 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, തലശ്ശേരി,
കണ്ണൂർ, ഫോൺ : 0490 - 2344666

**എറണാകുളം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം,
എ .ഡി.ആർ .സെന്റർ, കലൂർ, എറണാകുളം,
ഫോൺ : 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ : 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം) : 0484 – 2396817**
**സാകേതം ഹെൽപ് ലൈൻ : 1516 (ഓഫീസ് സമയങ്ങളിൽ)**
**കെൽസ ഹെൽപ് ലൈൻ : 9846700100 ( 24 മണിക്കൂർ)**

न्याय सब के लिए
ACCESS TO JUSTICE FOR ALL

# കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി

# ആസിഡ് ആക്രമണത്തിന് ഇരയായവർക്കുള്ള 2016ലെ നിയമസേവന പദ്ധതി


നിയമ സഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്
എറണാകുളം, കൊച്ചി– 682031, ഫോൺ : 0484 – 2396717
Website : www.kelsa.nic.in E-mail : kelsakerala@gmail.com

# ആസിഡ് ആക്രമണത്തിന് ഇരയായവർക്കുള്ള 2016ലെ നിയമസേവന പദ്ധതി

ഇന്ത്യയിൽ കൂടുതലും സ്ത്രീകളാണ് ആസിഡ് ആക്രമണത്തിന് ഇരകളാകുന്നത്. പലപ്പോഴും വിവാഹ അഭ്യർത്ഥന അല്ലെങ്കിൽ ലൈംഗിക തിരസ്ക്കരണം, സ്ത്രീധനം, സ്വത്തുതർക്കം, കുടുംബവഴക്ക്, വസ്തുവകകളുമായി ബന്ധപ്പെട്ട തർക്കങ്ങളിലും, രാഷ്ട്രീയ, സ്പർദ്ധകളിൽ പ്രതികാരനടപടികൾ കൈക്കൊള്ളുന്നതിനും ആസിഡാക്രമണങ്ങൾ നടത്തുന്നതായി കണ്ടുവരുന്നു. വർധിച്ചുവരുന്ന ആസിഡാക്രമണങ്ങൾ കണക്കിലെടുത്തു ഈയടുത്തകാലത്തു വിവിധ നിയമ നിർമ്മാണ, ജുഡീഷ്യൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 326 A, 326 B വകുപ്പുകൾ ആസിഡാക്രമണം നടത്തുന്നവർക്ക് കഠിന ശിക്ഷാ നടപടികൾ ഉറപ്പാക്കുന്നുണ്ട്. മാത്രമല്ല ആസിഡാക്രമണത്തിനു ഇരയാകുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ, ഇരകൾക്കുള്ള നഷ്ടപരിഹാര പദ്ധതി പ്രകാരം നഷ്ടപരിഹാരത്തുക ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

## ഉദ്ദേശലക്ഷ്യങ്ങൾ

- ആസിഡ് ആക്രമണത്തിന്റെ ഇരകളായവർക്കുള്ള വൈദ്യ ശുശ്രുക്ഷയും പുനരധിവാസ സേവനങ്ങൾക്കും അവരെ പ്രാപ്തരാക്കുക
- താലൂക്ക് തലത്തിലും ജില്ലാ തലത്തിലുമുള്ള നിയമ സേവന സ്ഥാപനങ്ങൾ മുഖേന പാനലിലുള്ള അഭിഭാഷകരുടെയും മറ്റു പാരാ ലീഗൽ വോളന്റീർമാരുടെയും മറ്റും സഹകരണത്തോടെ ആസിഡാക്രമണത്തിനു വിധേയരായവരെ അവരുടെ അധികാരാവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
- ആസിഡ് ആക്രമണത്തിന് ഇരകളായവർക്ക് വിവിധ നിയമങ്ങൾ പ്രകാരവും ഗവൺമെൻറ് പദ്ധതികൾ പ്രകാരവുമുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി താലൂക്, ജില്ലാ, സംസ്ഥാന, ദേശീയ തലത്തിലുള്ള നിയമ സഹായവും പ്രാധിനിധ്യവും ശക്തിപ്പെടുത്തുക

## കർമ്മ പദ്ധതി

- പൊള്ളലേറ്റാൽ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികളിൽ നിയമ സേവന ക്ലിനിക്കുകൾ സ്ഥാപിക്കുന്നു.
- അനുയോജ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പുവരുത്തുന്നതിനായി ഇരകളുമായും അവരുടെ ബന്ധുക്കളുമായും നിരന്തരമായി സമ്പർക്കം പുലർത്തുന്നു.
- ഇരകൾക്ക് അവകാശപ്പെട്ട നഷ്ടപരിഹാരത്തുക ലഭ്യമാക്കിക്കൊടുക്കുന്നതിൽ യാതൊരു കാല താമസവും വരുത്തുന്നില്ല എന്ന് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുള്ള നിയമ സേവന സ്ഥാപനങ്ങൾ ഉറപ്പുവരുത്തുന്നു.
- എല്ലാ ജില്ലാ നിയമ സേവന സ്ഥാപനങ്ങളും തങ്ങളുടെ പാനലിൽപ്പെട്ട ഒരു അഭിഭാഷകനെയും പാരാ ലീഗൽ വോളന്റീയർമാരെയും ഈ പദ്ധതിയുടെ ആവശ്യത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ആസിഡാക്രമണത്തിനു ഇരയായതിനുള്ള ക്രിമിനൽ കേസ് നടത്തുന്നതിനായി സൗജന്യ നിയമ സഹായം ഉറപ്പുവരുത്തുകയും മാന്യമായതും പക്ഷപാതരഹിതവുമായ ഒരു വിചാരണ അവർക്ക് ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് നിയമ സേവന തൗതോറിറ്റിയുടെ ഉത്തരവാദിത്തമാണ്.